(ബി) ഈ പദ്ധതി പ്രകാരം അതാതു സ്ഥലങ്ങളിലെ റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് 'പ്രാഥമിക പരിസ്ഥിതി പരിപാലന' പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പ്രധാനമായും പരിസര ശുചീകരണം, മാലിന്യ സംസ്ക്കരണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, വൃക്ഷതൈ നടീൽ, പരിസ്ഥിതി ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതിനായി റസിഡൻസ് അസോസിയേഷനുകൾ മൈക്രോ പ്ലാൻ (സൂക്ഷ്മാസൂത്രണ രേഖ) തയ്യാറാക്കി അത് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) കൊതുക് നശീകരണം ഈ പദ്ധതിയിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും മൈക്രോ പ്ലാൻ അനുസരിച്ച് മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കൊതുകിനെ നിയന്ത്രിക്കാനുള്ള പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

14 (*463) സ്വകാര്യ മേഖലയിൽ പാൽ സംസ്ക്കരണ-വിതരണത്തിന് അനുമതി

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ പാൽ സംസ്ക്കരണ-വിതരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം ഏജൻസികളുടെ പ്രവർത്തനം മിൽമയെ ദോഷകരമായി ബാധിക്കുമെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ;

(സി) അയൽ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് സംസ്ഥാനത്ത് വിതരണം നടത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാനും ഉറപ്പുവരുത്തുവാനും എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ഡി) സംസ്ഥാനത്ത് സ്വകാര്യ ഏജൻസികൾ വിതരണം ചെയ്യുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) സ്വകാര്യ ഏജൻസികളുടെ ഈ രംഗത്തുള്ള പ്രവർത്തനം സഹകരണ മേഖലയിലുള്ള ക്ഷീര കർഷകരേയും ക്ഷീര സംഘങ്ങളേയും ദോഷകരമായി ബാധിക്കുമെന്നുള്ളത് പ്രസ്തുത ഏജൻസികൾക്ക് അനുമതി നൽകിയപ്പോൾ സർക്കാർ പരിശോധിച്ചിരുന്നുവോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി <u>(ശ്രീ ഇ. ചന്ദ്രശേഖരൻ നായർ)</u> :

(എ) 1992 ജൂണിൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച 'മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓഡർ' പ്രകാരം, പ്രതിദിനം 10000 ലിറ്ററിൽ കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുകയോ വിപണനം നടത്തുകയോ ചെയ്യുന്ന സ്വകാര്യ ഏജൻസികൾ നിർദ്ദിഷ്ട അധികാരി മുൻപാകെ രജിസ്റ്റർ ചെയ്തിരിക്കണം. ഈ പരിധിക്കു താഴെ രജിസ്ട്രേഷൻ ആവശ്യമില്ല. സംസ്ഥാനത്തിനുള്ളിൽ നിന്നുമാത്രം പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുവാൻ സംസ്ഥാന ക്ഷീരവിക

LIBRARY ARCHIVES Kerala Legislative Assembly

സന ഡയറക്ടർക്ക് അധികാരമുണ്ട്. പ്രവർത്തനമേഖല സംസ്ഥാനാതിർത്തിക്കു പുറത്തു വരുന്നതായാൽ കേന്ദ്ര ഗവൺമെന്റിൽനിന്നും രജിസ്ട്രേഷൻ വാങ്ങണം. ഇതു പ്രകാരം, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്ട്രേഷനുള്ള മൂന്ന് സ്വകാര്യ സംരംഭകർക്ക് സംസ്ഥാന ക്ഷീരവികസന ഡയറക്ടർ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് മൂന്ന് സ്വകാര്യ ഏജൻസികൾക്ക് രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

(ബി) ഉണ്ട്.

(സി)&(ഡി) മായം ചേർക്കൽ നിരോധന നിയമപ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പിൻകീഴിൽ ഇതിനുള്ള സ്ഥിരം സംവിധാനം ഉണ്ട്. മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ പ്രകാരം സംസ്ഥാന ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഡയറികൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലുണ്ട്. പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തുവാനും മേൽപ്പറഞ്ഞ ഓർഡറിന്റെ പിരധിക്കുള്ളിൽ അനന്തര നടപടികൾ കൈക്കൊള്ളുവാനും ഉള്ള നിയമപരമായ അധികാരം സംസ്ഥാന ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ഇ) പരിശോധിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവ് അനുശാസിക്കുന്ന രീതിയിലും സഹകരണ മേഖലയിലുള്ള ക്ഷീര കർഷകരേയും ക്ഷീര സംഘങ്ങളേയും ദോഷകരമായി ബാധിക്കാത്ത രീതിയിലും മാത്രമേ സംസ്ഥാന ക്ഷീരവികസന വകുപ്പ് രജിസ്ട്രേഷൻ അനുവദിച്ചിട്ടുള്ളൂ.

(എഫ്) സംസ്ഥാനത്തിനു പുറത്തുനിന്നും പാൽ സംഭരിച്ച് കൊണ്ടുവന്ന് സംസ്ഥാനത്തിനുള്ളിൽ വിപണനം നടത്തുന്ന സ്വകാര്യ ഏജൻസികളുടെ പ്രവർത്തനം, സഹകരണ മേഖലയെ ദോഷകരമായി ബാധിച്ചേക്കുമെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയും അവർക്ക് രജിസ്ട്രേഷൻ നൽകുന്നതിനെതിരെ പരാതിപ്പെടുകയും ചെയ്തിരുന്നു. എന്നാൽ, പാൽ വ്യവസായ രംഗത്ത് ഇത് മൽസര പ്രവണത സൃഷ്ടിക്കുമെന്നും അത് ഗുണഭോക്താക്കൾക്ക് ഗുണകരമായിരിക്കുമെന്നും പറഞ്ഞ് കേന്ദ്രം അവർക്ക് രജിസ്ട്രേഷൻ അനുവദിക്കുകയാണുണ്ടായത്. ഇതിനെതിരെ മിൽമ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

15 (*464) സർക്കാർ ആശുപത്രികളുടെ ആധുനികവൽക്കരണം

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥനത്തെ മെഡിക്കൽ കോളേജുകൾ ഒഴികെയുള്ള സർക്കാർ ആശുപത്രികളുടെ ആധുനികവൽക്കരണത്തിനായി കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിരുന്നുവോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചിരുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly